പ്രസ്താവനയുണ്ടായിരുന്നു. അതിന്റെ ഇപ്പോഴത്തെ നിജസ്ഥിതി എന്താണ്; മെട്രോ റെയിൽവേയ്ക്കൊക്കെ പോകുന്ന സമയത്ത് ഇപ്പോൾത്തന്നെ ഇവിടെ ദുഷ്ക്കരമായ മലബാറിലെ യാത്രാപ്രശ്നത്തിന് പരിഹാരമുണ്ടാക്കാനുള്ള നടപടിയെന്താണെന്ന് വ്യക്തമാക്കാമോ ?

ശ്രീമതി സുശീലാ ഗോപാലൻ : അതിന് പ്രത്യേകം ചോദ്യം വേണം.

മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി

2 (* 409) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. എം. എ. തോമസ് :
ശ്രീ. പി. രാഘവൻ :
ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിക്കുന്നതിന് എന്തെങ്കിലും പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എത്ര മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെയും പത്താം ധനകാര്യ കമ്മീഷന്റെയും ധനസഹായത്തോടുകൂടി എത്ര വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട് ;

(ഡി) ഇതിന് വേണ്ടി എന്തു തുക ചെലവായിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഇ) സ്വന്തമായി വീടില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് മുഴുവൻ, ഘട്ടം ഘട്ടമായി വീട് നിർമ്മിച്ചുനൽകാൻ ആവശ്യമായ പദ്ധതിക്ക് രൂപം നൽകുമോ ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) : സർ,

(എ) ഉണ്ട്.

(ബി & സി) 19,607 മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിനായി ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിൽ 13,191 വീടുകളുടെ പണി പൂർത്തിയായി. 6,416 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

(ഡി) 62. 22 കോടി രൂപ.

(ഇ) സംസ്ഥാനത്തെ ഭവനരഹിതരായ മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും പാർപ്പിടം ലഭ്യമാക്കണമെന്നാണ് സർക്കാരിന്റെ ലക്ഷ്യം.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യമേഖലയിൽ എത്ര വീടുകൾ അനുവദിച്ചുവെന്നും

LIBRARY ARCHIVES Kerala Legislative Assembly

അതിനായി എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : 1991-92 മുതൽ 1995-96 വരെ മുൻ സർക്കാരിന്റെ കാലത്ത് 2,325 വീടുകൾ മത്സ്യ മേഖലയിൽ അനുവദിച്ച് നൽകുകയുണ്ടായി. ഇതിനായി 814 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 16,661 വീടുകൾ മത്സ്യ മേഖലയിൽ ഈ വകുപ്പുവഴി അനുവദിച്ചു നൽകുകയുണ്ടായി. അതിനായി 5,947 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : മത്സ്യത്തൊഴിലാളികളുടെ ഏറ്റവും പ്രധാന പ്രശ്നം അനുവദിക്കപ്പെട്ട മുഴുവൻ വീടുകളും കൃത്യമായി പൂർത്തിയാക്കാൻ കഴിഞ്ഞില്ല എന്നതാണ്. ഇവിടെ പത്തൊൻപതിനായിരത്തോളം വീടുകൾ അനുവദിച്ചതിൽ പതിമൂന്നായിരത്തോളം വീടുകളുടെ നിർമ്മാണം മാത്രമാണ് ആരംഭിച്ചത്. മുഴുവൻ വീടുകളുടേയും നിർമ്മാണം കൃത്യമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഘട്ടം ഘട്ടമായി വീടുകളുടെ പണി തുടങ്ങുകയും പൂർത്തിയാക്കുകയും ചെയ്യണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ഉദ്ദേശം. ഇനിയുള്ള വീടുകളുടെ പണി കഴിയുന്നത്ര വേഗം തീർത്ത് കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : 10-ാം ധനകാര്യ കമ്മീഷന്റെ ശുപാർശപ്രകാരം ലഭിക്കുന്ന സഹായം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള എന്തെങ്കിലും നടപടികൾ ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുമുണ്ടായിട്ടുണ്ടോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : 10-ാം ധനകാര്യ കമ്മീഷൻ ഏറ്റെടുത്തിട്ടുള്ള പണികൾ പൂർത്തിയായി വരുന്നു. 11-ാം ധനകാര്യ കമ്മീഷന്റെ അംഗീകാരത്തിനുവേണ്ടി സമർപ്പിച്ചിട്ടുള്ളതിൽ മുൻഗണന നൽകിയിട്ടുള്ളത് വീടിനും കുടിവെള്ളത്തിനും ശുചീകരണത്തിനുമാണ്. റോഡിന്റെ വികസനത്തിന് പ്രൊപ്പോസൽ അയച്ചിട്ടുണ്ട്. അതു കിട്ടിയാലുടനെതന്നെ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : ഇപ്പോൾ കൺസ്ട്രക്ഷൻ ചാർജ്ജ് വളരെ കൂടിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ വീടൊന്നിന് 35,000 രൂപയാണ് സഹായധനമായി നൽകുന്നത്. അതു 50,000 രൂപയാക്കാനുള്ള വല്ല നടപടികളും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇല്ല. ഇപ്പോൾ അതിനെപ്പറ്റി ആലോചിച്ചിട്ടില്ല.

ശ്രീ. എം. എ. തോമസ് : 11-ാം ധനകാര്യ കമ്മീഷനിൽ വീടിനായി നിവേദനം നൽകിയിട്ടുണ്ടോ ; എങ്കിൽ എത്ര തുക ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ടി.കെ. രാമകൃഷ്ണൻ : 8567 വീടുകൾ 10-ാം ധനകാര്യ കമ്മീഷന്റെ അവാർഡ് പ്രകാരം അനുവദിച്ചു നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ 30 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

ചെലവഴിച്ചിട്ടുണ്ട്. 50 കോടി രൂപയാണ് വീടിന്റെ ആവശ്യത്തിനായി പതിനൊന്നാം ധനകാര്യ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുള്ളത്.

ശ്രീ. എം. എ. തോമസ് : മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന് തീരദേശ പരിപാലന നിയമം തടസ്സമാകുന്നുവെന്ന ഒരു പരാതിയുണ്ട്. അതു വാസ്തവമാണെന്നുണ്ടെങ്കിൽ അത് നീക്കുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : തീരദേശ നിയമം തടസ്സമാണെന്നുള്ള കാര്യം ശരിയാണ്. ഈ നിയമത്തിന്റെയടിസ്ഥാനത്തിൽ തീരദേശത്ത് താമസിക്കുന്നവരുടെ കണക്കെടുത്ത് റവന്യൂ വകുപ്പും മന്ത്രിയും ഞാനും തുറമുഖ വകുപ്പുമന്ത്രിയും കൂടിച്ചേർന്ന് ഒരു കോൺഫറൻസ് നടത്തി അവർക്ക് പട്ടയം കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടികളെടുക്കാൻ തീരുമാനിക്കുകയും പട്ടയം കൊടുത്തു തുടങ്ങുകയും ചെയ്തിട്ടുണ്ട്. തീരദേശ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്ന് എം. പി. മാരുടെ ഒരു കമ്മിറ്റി സംസ്ഥാനം സന്ദർശിക്കാൻ വന്ന അവസരത്തിൽ ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിൽ ഭേദഗതി വരുത്തിയില്ലെങ്കിൽ തീരദേശപ്രദേശങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് വികസനപ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് സാദ്ധ്യമല്ലെന്നുള്ള വിവരം ആ കമ്മിറ്റിക്ക് നൽകിയ മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടുണ്ട്.

ശ്രീ. പി. രാഘവൻ : മത്സ്യമേഖലയിലെ തൊഴിലാളികളുടെ വീടുകൾക്ക് ധന സഹായത്തിനായി 11-ാം ധനകാര്യ കമ്മീഷനിൽ നിവേദനം നൽകിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. മറ്റെന്തെല്ലാം സഹായ പദ്ധതികൾക്കാണ് 11-ാം ധനകാര്യ കമ്മീഷനിൽ നിവേദനം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : വീടുകൾക്ക് 50 കോടി രൂപയും മത്സ്യ ഗ്രാമങ്ങളുടെ ശുചിത്വ പ്രവർത്തനങ്ങൾക്ക് 13 കോടി രൂപയും റോഡുകളുടെ പൂർത്തീകരണത്തിന് 33 കോടി രൂപയും കുടിവെള്ള പദ്ധതികൾക്ക് 0.7 കോടി രൂപയുമാണ് 11-ാം ധനകാര്യകമ്മിഷനോട് ആവശ്യപ്പെട്ടിട്ടുള്ളത്.

ശ്രീ. പി. രാഘവൻ : മത്സ്യ വകുപ്പുവഴി തീരദേശ റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം എത്ര റോഡുകളുടെ പണി പൂർത്തിയായിട്ടുണ്ടെന്നും എത്ര റോഡുകൾ ഇനി പൂർത്തിയാക്കാൻ ബാക്കിയുണ്ട് എന്നും വ്യക്തമാക്കാമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : പ്രധാന ചോദ്യത്തിനുള്ള മറുപടിയിൽ തന്നെ ഇത് വ്യക്തമാക്കിയിട്ടുള്ളതാണ്.

ശ്രീ. പി. കെ. കുമാരൻ : മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണ പദ്ധതിയിൽ പത്തൊമ്പതിനായിരത്തിൽപരം വീടുകൾ ഉണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചത്. ഈ വർഷം എത്ര വീടുകൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : അതു ഞാൻ പ്രധാന ചോദ്യത്തിന്റെ മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുമാരൻ : മത്സ്യമേഖലയിലെ സമ്പൂർണ്ണ ഭവന പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : മത്സ്യത്തൊഴിലാളികളിൽ ഭവനരഹിതമായ മുഴുവൻ ആളുകളുടെയും വിവരങ്ങൾ ബി.പി.എൽ. സെൻസസിന്റെ ഭാഗമായി ശേഖരിച്ചിട്ടുണ്ട്. ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെടുത്തി സംസ്ഥാനത്തെ മുഴുവൻ ഭവനരഹിതരായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കും വീടുകൾ നിർമ്മിച്ചു കൊടുക്കാൻ സാധിക്കുമെന്നാണ് ഗവൺമെന്റിന്റെ പ്രതീക്ഷ.

ശ്രീ. ആര്യാടൻ മുഹമ്മദ് : 1987-91-ലെ എൽ.ഡി.എഫ്. ഗവൺമെന്റിനേക്കാൾ പത്തിരട്ടിയോളം വീടുകൾ 1991-96-ൽ യു.ഡി.എഫ്. ഗവൺമെന്റ് അനുവദിച്ചു. എൽ. ഡി. എഫ്. ഗവൺമെന്റ് ഈ പ്രൊപ്പോർഷൻ വർദ്ധിപ്പിക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഭവനരഹിതരായിട്ടുള്ള മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും വീടുകൾ നിർമ്മിച്ചുകൊടുക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷ എന്നാണ് ഞാൻ പറഞ്ഞത്. എത്ര വീടുകൾ യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് തീർത്തുവെന്നും ഈ ഗവൺമെന്റിന്റെ കാലത്ത് തീർത്തുവെന്നുമുള്ള കാര്യമൊക്കെ ഞാൻ പറഞ്ഞു.

ശ്രീ. സി. പി. ബാലൻ വൈദ്യർ : ഞാനുൾപ്പെടെയുള്ള ഈ സഭയിലെ അംഗങ്ങളുടെ അവകാശം അങ്ങ് സംരക്ഷിക്കണം. കഴിഞ്ഞ കുറെ ദിവസങ്ങളായി സബ്മിഷൻ ഉന്നയിക്കാനോ ശ്രദ്ധക്ഷണിക്കൽ ഉന്നയിക്കാനോ ഉള്ള ഞങ്ങളുടെ അവകാശങ്ങൾ പ്രതിപക്ഷം നിഷേധിക്കുകയാണ് ചെയ്യുന്നത്. ഒരു ഉപചോദ്യം ചോദിക്കാൻ മാത്രമേ ഞങ്ങൾക്കു കഴിയുന്നുള്ളൂ. ഞങ്ങളെ തെരഞ്ഞെടുത്ത് അയച്ച ജനങ്ങളോടുള്ള പ്രതിബദ്ധത നിർവ്വഹിക്കാൻ സമ്മതിക്കാത്ത പ്രതിപക്ഷത്തിൽ നിന്ന് അങ്ങ് ഞങ്ങൾക്ക് സംരക്ഷണം നൽകണം. മത്സ്യത്തൊഴിലാളികളെക്കുറിച്ച് ഒരു ചോദ്യം ചോദിക്കാൻ ഞങ്ങൾക്ക് വായ്തുറക്കാൻ കഴിയുന്നില്ല. അതിന് ഇപ്പോഴേ കഴിയൂ എന്നുള്ളതുകൊണ്ടാണ് ഈ അവസരം ഞാൻ ഉപയോഗിച്ചത്.

മി. സ്പീക്കർ : ഈ സന്ദർഭത്തിൽ ഇതു പാടില്ല.

ശ്രീ. സി. പി. ബാലൻ വൈദ്യർ : മത്സ്യത്തൊഴിലാളികളിൽ വിവിധ വിഭാഗങ്ങളുണ്ട്. മത്സ്യം കൊണ്ടുവന്ന് വിൽക്കുന്നവരുണ്ട്. പുഴകളിൽ നിന്ന് പിടിക്കുന്നവരുണ്ട്. ഇങ്ങനെ പല രീതിയിൽ ഉപജീവനം കഴിക്കുന്നവരുണ്ട്. എല്ലാ വിഭാഗത്തിൽപ്പെട്ടവരേയും ഭവന നിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി വീട് നിർമ്മിച്ചു കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : അനുബന്ധ തൊഴിലാളികളടക്കമുള്ളവരെ മത്സ്യത്തൊഴിലാളികളായി അംഗീകരിച്ച് ഒരു നിയമം ഈ നിയമസഭയിൽ തന്നെ കഴിഞ്ഞ പ്രാവശ്യം പാസ്സാക്കിയിട്ടുണ്ട്. അതു പ്രകാരം മത്സ്യത്തൊഴിലാളികളായിട്ടുള്ള ആളുകൾക്ക് കൊടുക്കുന്ന ഭവന നിർമ്മാണ പദ്ധതിയുടെ ഗുണം അനുബന്ധ മേഖലയിലെ തൊഴിലാളികൾക്കും ലഭിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇസ്ഹാക് കുരിക്കൾ : മത്സ്യത്തൊഴിലാളികൾ, വിതരണ രംഗത്തു പ്രവർത്തിക്കുന്ന തൊഴിലാളികൾ ഇവർക്കെല്ലാം ഈ ഭവന നിർമ്മാണ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുമെന്ന് മന്ത്രി പറഞ്ഞു. സംസ്ഥാനത്ത് മത്സ്യവിതരണ രംഗത്തു പ്രവർത്തിക്കുന്ന എത്ര ആളുകൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : പ്രത്യേകം നോട്ടീസ് തന്നാലേ മറുപടി പറയാൻ കഴിയുകയുള്ളൂ.

ശ്രീ. ടി. കെ. ബാലൻ : തീരദേശ നിയമം ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പരാമർശം നടത്തി. ഇക്കാര്യത്തിൽ സുപ്രീംകോടതിയും കേന്ദ്ര ഗവൺമെന്റും നിർണ്ണായകമായ ചില തീരുമാനങ്ങളെടുക്കാൻ പോകുകയാണെന്നും കേരളത്തെ സംബന്ധിച്ചിടത്തോളം സുപ്രധാനമായിട്ടുള്ള ഈ നിയമത്തിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് ഇപ്പോഴെങ്കിലും ഇടപെട്ടില്ലെങ്കിൽ വീട് നിർമ്മിച്ച് അതിന് പഞ്ചായത്തിൽ നിന്ന് നമ്പർ കിട്ടാതെ ഒരു ആനുകൂല്യവും പറ്റാൻ സാധിക്കാത്ത ആയിരക്കണക്കിന് കടൽത്തൊഴിലാളികൾ ഉണ്ടെന്ന കാര്യം പരിഗണിച്ച് അടിയന്തിരമായി ഇതിനെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : കേന്ദ്ര ഗവൺമെന്റിൽ എല്ലാ സന്ദർഭത്തിലും ഞങ്ങൾ നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. സുപ്രീംകോടതിയിൽ ഇത് സംബന്ധിച്ച കേസ് പൂർത്തിയായിക്കഴിഞ്ഞിട്ടില്ല. സുപ്രീംകോടതിയിൽ ഇതിനാവശ്യമായ രൂപത്തിൽ വാദം നടത്താൻ അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെടുന്നതാണ്.

ശ്രീ. പി. പി. തങ്കച്ചൻ : കഴിഞ്ഞ സാമ്പത്തിക വർഷം കേരള സർക്കാരിന്റെ ഫണ്ട് മാത്രം ഉപയോഗപ്പെടുത്തിക്കൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് എത്ര വീടുകൾ നിർമ്മിച്ചു കൊടുത്തു. ഈ സാമ്പത്തിക വർഷം എത്ര വീടുണ്ടാക്കിക്കൊടുക്കാനുള്ള പദ്ധതിയിട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : വീടുകളുടെ കാര്യം ഞാൻ നേരത്തേ പറഞ്ഞു കഴിഞ്ഞു. 10-ാം ധനകാര്യ കമ്മീഷന്റെയും ഗവൺമെന്റിന്റേയും കൂടി പണം ചെലവഴിച്ചാണ് വീടുകൾ നിർമ്മിച്ചിട്ടുള്ളത്.

ശ്രീ. പി. പി. തങ്കച്ചൻ : കേരള ഗവൺമെന്റിന്റെ മാത്രം പണം ഉപയോഗിച്ച് എത്ര വീടുകൾ നിർമ്മിച്ചുവെന്നാണ് ചോദിച്ചത് ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : അതിന് പ്രത്യേകം ചോദ്യം വേണം.

ശ്രീ. കെ. പി. രാജേന്ദ്രൻ : അനുബന്ധ മേഖലയിൽപ്പെട്ട തൊഴിലാളികൾക്കും ഭവന നിർമ്മാണ പദ്ധതിയുൾപ്പെടെയുള്ള സഹായങ്ങൾ കൊടുക്കുമെന്ന് മന്ത്രി ഇവിടെ സൂചിപ്പിച്ചു. എന്നാൽ തൃശ്ശൂർ ജില്ലയിൽ വേണ്ടത്ര അപേക്ഷ കിട്ടാത്തതുകൊണ്ട് ധാരാളം വീടുകൾ കൊടുക്കാൻ ബാക്കി കിടക്കുകയാണ്. അത് അനുബന്ധ തൊഴിലാളികൾക്കും കൂടി കൊടുക്കുമെന്ന് പ്രഖ്യാപിക്കപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യത്തിൽ അതിനുള്ള ഉത്തരവ് എത്രയും വേഗം ഇറക്കാൻ നടപടി സ്വീകരിക്കണം. ഡിപ്പാർട്ട്മെന്റ് ഉത്തരവിറക്കിയാൽ ഈ മാസം തന്നെ അവരെ തെരഞ്ഞെടുക്കാനും വീട് വയ്ക്കാനുള്ള വായ്പ കൊടുക്കാനും കഴിയും. അതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : മത്സ്യത്തൊഴിലാളികളായി അംഗീകരിച്ച എല്ലാപേർക്കും അപേക്ഷകൾ കൊടുക്കാനുള്ള സംവിധാനമുണ്ടാക്കുന്നതാണ്. അനുബന്ധ തൊഴിലാളികൾക്ക് പ്രത്യേക നിർദ്ദേശം കൊടുക്കേണ്ട ആവശ്യമില്ല. കടലിലും കായലിലും പോകുന്ന മത്സ്യത്തൊഴിലാളികളേയും അവരുടെ വീട്ടിൽ മത്സ്യം വില്പന നടത്തുന്ന സ്ത്രീകളേയും മത്സ്യത്തൊഴിലാളികളായി അംഗീകരിച്ചിട്ടുണ്ട്. അതുപോലെതന്നെ അനുബന്ധ തൊഴിലാളികളേയും മത്സ്യത്തൊഴിലാളിക്ഷേമനിധി ലിസ്റ്റിൽപ്പെടുത്തി പെൻഷനും മറ്റാനുകൂല്യങ്ങളും അനുവദിച്ചുകൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. സി. മൊയിൻകുട്ടി : മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന പെൻഷൻ 150 രൂപയായി വർദ്ധിപ്പിച്ചതായി അറിഞ്ഞു. പക്ഷെ ഈ സംഖ്യ കുടിശ്ശികയായി കിടക്കുകയാണ്. അത് സമയബന്ധിതമായി കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ ; ഇതി എത്ര കൊടുക്കാനുണ്ട് ; എത്രപേർക്ക് കൊടുത്തു എന്നുള്ളതും വ്യക്തമാക്കാമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : എത്ര തുക കൊടുക്കാനുണ്ട് എന്നുള്ളതിന് പ്രത്യേക ചോദ്യം ചോദിച്ചാലെ മറുപടി പറയുവാൻ സാധിക്കുകയുള്ളൂ. ഏതായാലും അവർക്ക് ഇനി കൊടുക്കാനുള്ള സംഖ്യ കൊടുക്കുന്നതിന് നടപടിയെടുത്തു വരികയാണ്. ഗവൺമെന്റിലേക്ക് കിട്ടാനുള്ള പണം പിരിച്ചെടുക്കാനുള്ള നടപടി ഊർജ്ജിതപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്.

ട്രോളിംഗ് നിരോധനത്തിന്റെ പാർശ്വഫലങ്ങളെക്കുറിച്ച് പഠനം.

3 (* 410) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. രാജു :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രോളിംഗ് നിരോധനത്തിന്റെ പാർശ്വഫലങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഷയങ്ങൾ എന്തെല്ലാം ആണെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly